# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 456** **27.06.2019-ൽ** മറുപടി നൽകേണ്ടത്

**ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജെയിംസ് മാത്യു** | **പിണറായി വിജയൻ** |
| **ശ്രീ. കെ.വി.അബ്ദുൾ ഖാദർ** | **(മുഖ്യമന്ത്രി)** |
| **ശ്രീ. കെ.ആൻസലൻ** | |
| **ശ്രീ. കെ.ബാബു** | |

| | | | |
|---|---|---|---|
| (എ) | മുൻസർക്കാരിന്റെ കാലത്ത് സിവിൽ സർവ്വീസിൽ വ്യാപകമായി ഉണ്ടായിരുന്ന അഴിമതി ഇല്ലാതാക്കുന്നതിനും ഭരണ നിർവ്വഹണം കാര്യക്ഷമ മാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ ഫലമായി ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാന മാക്കിത്തീർക്കാൻ സാധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിവിധ വകുപ്പുകളിൽ നിന്നുമുള്ള സേവനങ്ങൾസമയ ബന്ധിതമായും അഴിമതി രഹിതമായും ലഭ്യമാകുന്നതിന് ഇ-ഗവേണൻസ് ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടി അറിയിക്കാമോ; വിവിധ സേവനങ്ങൾക്കായി സമീപിക്കുന്നവർ സർക്കാർ ഓഫീസുകളിൽ നിരന്തരം കയറിയിറങ്ങേണ്ടിയിരുന്ന സ്ഥിതിക്ക് അറുതി വരുത്താനായിട്ടുണ്ടോ; | (ബി) | വിവിധ വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾ സമയബന്ധിതമായും അഴിമതിരഹിതമായും ജനങ്ങളിലെത്തി ക്കുന്നതിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു :<br>1. **ഇ-ഡിസ്ട്രിക്ട്**<br>ജില്ലാതലത്തിലുള്ള സർക്കാർ സേവനങ്ങൾ വളരെ ലളിതമായി ഓൺ ലൈൻ വഴി പൊതു ജനങ്ങൾക്ക് എത്തിക്കാൻ ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 24 റവന്യൂ സർട്ടിഫിക്കറ്റുകൾ, 500-ലധികം പണം ഒടുക്കൽ സേവനങ്ങൾ മുതലായവ ഈ |

| | | | |
|---|---|---|---|
| | | | പദ്ധതി മുഖേന നല്കിവരുന്നു. കൂടാതെ വിവരാവകാശം, പരാതി പരിഹാരം എന്നീ സേവനങ്ങളും ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ലഭ്യമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ (റവന്യൂ കോർട്ട് കേസ്) സംബന്ധിച്ച സേവനങ്ങൾ ഇ-ഡിസ്ട്രിക്റ്റ് വഴി നല്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വനം വകുപ്പിന്റെ ആറ് സേവനങ്ങളും ഈ പദ്ധതി മുഖാന്തരം ലഭ്യമാണ്.<br>**2. <u>ഇ-ഓഫീസ് (e-office )</u>**<br>സെക്രട്ടറിയേറ്റിൽ നിയമ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. പുറമേ 14 കളക്ടേറ്റുകളിലും, മുപ്പതിലധികം വകുപ്പുകളുടെ ഡയറക്ടറേറ്റുകളിലും/ കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>3. **<u>ഫ്രണ്ട്സ് ജനസേവനകേന്ദ്രം</u>**<br>ഐ.ടി.മിഷന്റെ കീഴിലുള്ള ഫ്രണ്ട്സ് ജനസേവനകേന്ദ്രം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പ്രവർത്തിച്ചു വരുന്നു.<br>4. **<u>സർക്കാർ കോൾ സെന്റർ</u>**<br>വിവിധ സർക്കാർ വകുപ്പുകൾ നല്കുന്ന സേവനങ്ങൾ സംബന്ധിച്ച് പൊതു ജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് ടെലിഫോൺ മുഖേന പരിഹാരം നൽകുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജനസേവന കേന്ദ്രത്തോട് ചേർന്ന് കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു. നിലവിൽ പ്രസ്തുത സേവനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്. ഇപ്പോൾ 64 വകുപ്പുകൾ കോൾ സെൻററുമായി ചേർന്ന് പ്രവർത്തിക്കുന്നു.<br>**5. <u>സ്റ്റേറ്റ് സർവീസ് ഡെലിവറിഗേറ്റ് വേ</u>** |

| | | | |
|---|---|---|---|
| | | | നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ സേവനങ്ങളും പൊതുജനങ്ങൾക്കായി ഒരു പോർട്ടലിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2012 ൽ ആരംഭിച്ചതാണ് ഈ പദ്ധതി. നവീകരിച്ച പോർട്ടൽ വഴി 55 ലധികം സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.<br>6. **<u>മൊബൈൽ ഗവേണൻസ്</u>**<br>സംസ്ഥാനത്തെ മികച്ച മൊബൈൽ വ്യാപനവും വ്യാപ്തിയും കണക്കിലെടുത്ത് മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി ഒരു മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന എം-കേരളം മൊബൈൽ ആപ്ലിക്കേഷൻ പൂർത്തിയായിട്ടുണ്ട്. |
| (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം, ആധുനീകരണ പ്രവർത്തനത്തിന്റെ ഫലമായി അപേക്ഷ നൽകി നൂറുമണിക്കൂറിനകം ലഭ്യമാകുന്നതിനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായത്തിനായുള്ള അപേക്ഷ സ്വീകരിക്കുന്നതു മുതൽ ഗുണഭോക്താവിന് സഹായധനം കൈമാറുന്നതുവരെയുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈനിലൂടെയാണ് നടത്തുന്നത്. ഗുണഭോക്താവിന് നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ ഓൺലൈനിലൂടെ അപേക്ഷ സമർപ്പിക്കാനാവും. ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ തൽസമയം ബന്ധപ്പെട്ട വില്ലേജാഫീസിൽ ഓൺലൈൻ റിപ്പോർട്ടിനായി കൈമാറുന്നു. റവന്യൂ ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് സഹിതം ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് തുക അനുവദിക്കുകയും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്യുന്നു.<br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായത്തിനായുള്ള അപേക്ഷ |

| | | | |
|---|---|---|---|
| | | | തീർപ്പാക്കാൻ 2016-ൽ ശരാശരി 175 ദിവസം എടുത്തിരുന്നപ്പോൾ 2017-ൽ അത് 91 ദിവസമായും 2018- ൽ 26 മണിക്കൂർ മുതൽ ശരാശരി 22 ദിവസമായും കുറയ്ക്കാനായി. ഇത്തരത്തിൽ കൈക്കൊണ്ട നടപടികളിലൂടെ അർഹരായവർക്ക് എറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ സഹായം കൈമാറാൻ കഴിയുന്നുണ്ട്. |
| (ഡി) | ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ? | (ഡി) | വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ അവ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും / നിയമനാധികാരികൾക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. അതത് വകുപ്പിന് കീഴിൽ വരുന്ന നിയമനാധികാരികൾ ഒഴിവുകൾ കൃത്യമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണെന്നും, ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് നടത്തുന്ന പരിശോധനയിൽ ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.